# വ്യവസായ കേരളം

88

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 JULY 2025


## നാല് മാസത്തിനുള്ളിൽ **31429 കോടി രൂപയുടെ** നിക്ഷേപ പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു

INVEST KERALA GLOBAL SUMMIT

# ഇന്ട്രെസ്റ്റെല്ലാം ഇൻവെസ്റ്റാക്കി കേരളം

സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് 2025 ഫെബ്രുവരിയിൽ കൊച്ചിയിൽ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ (ഐ.കെ.ജി.എസ്) നാലുമാസ കാലയളവിലെ പ്രോഗ്രസ്സ് റിപ്പോർട്ട് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് മാധ്യമങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ചു. ആഗോള നിക്ഷേപ സംഗമത്തിലെ നിക്ഷേപവാഗ്ദാനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനായി റൂട്ട്മാപ്പ് തയ്യാറാക്കി ചിട്ടയായ പ്രവർത്തനം കാഴ്ച വെച്ച് നൽകപ്പെട്ട ഉറപ്പുകൾ അക്ഷരാർത്ഥത്തിൽ പാലിച്ചു കൊണ്ടാണ് വ്യവസായ വാണിജ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ബഹു. മന്ത്രി മാധ്യമങ്ങൾക്ക് മുന്നിൽ അഭിമാന നേട്ടങ്ങൾ വിവരിച്ചത്.




നാല് മാസത്തിനുള്ളിൽ ലഭിച്ച നിക്ഷേപവാഗ്ദാനങ്ങളിൽ 20 ശതമാനത്തിലധികം പദ്ധതികളുടെയും നിർമ്മാണം ആരംഭിക്കാൻ സാധിച്ചു. 86 പദ്ധതികളിൽ നിന്നായി 31429 കോടി രൂപയുടെ നിക്ഷേപ പദ്ധതികളുടെ ഈ നിർമ്മാണം പൂർത്തിയാകുന്നതോടെ 40,439 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും.

എല്ലാ നിക്ഷേപവാഗ്ദാനങ്ങളും ഈ വാഗ്ദാനങ്ങളുടെ പുരോഗതിയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡാഷ് ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. പുരോഗതി കൃത്യമായി വിലയിരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ ഉദ്യോഗസ്ഥ തലത്തിലും ബഹു. മന്ത്രിയുടെ സാന്നിധ്യത്തിലും അവലോകന യോഗം നടത്തുന്നുണ്ട്. ഒപ്പം ഇൻവെസ്റ്റ് കേരള ബഹു. മുഖ്യമന്ത്രി അവലോകനം ചെയ്യുന്ന പ്രിയോറിറ്റി പദ്ധതികളുടെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടുണ്ട്. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ കൂടുതൽ നിക്ഷേപങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ വരും മാസങ്ങളിൽ ആരംഭിക്കും.

# ഇനി ഒന്നും സ്വപ്നമല്ല

## കലാലയ സംരംഭകർക്കായി ഒരുക്കിയ **'ഡ്രീംവെസ്റ്റർ 2.0'** പുരസ്കാരങ്ങൾ വിതരണം ചെയ്തു

DREAMVESTOR 2.0

കോളേജ് വിദ്യാർഥികളുടെ ആശയങ്ങൾ വികസിപ്പിച്ച് അവരെ സംരംഭകത്വത്തിലേക്കു നയിക്കാനായി അസാപ് കേരളയും സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (കെഎസ്ഐഡിസി) സംയുക്തമായി നടപ്പാക്കിയ 'ഡ്രീംവെസ്റ്റർ 2.0' പദ്ധതിയുടെ സമാപന സമ്മേളനം 2025 ജൂലൈ 1 ന് കൊച്ചിയിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു.

മൂന്നുഘട്ടങ്ങളിൽനിന്നായി തിരഞ്ഞെടുത്ത 28 ആശയങ്ങളിൽ നിന്നും ഏറ്റവും മികച്ച 10 ആശയങ്ങൾക്ക് അംഗീകാരവും, ഒരു ലക്ഷം രൂപ വീതം സാമ്പത്തിക സഹായവും ചടങ്ങിൽ ബഹു. മന്ത്രി ശ്രീ. പി. രാജീവ് കൈമാറി. ബഹു. ഉന്നത വിദ്യാഭ്യസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ചടങ്ങിൽ അധ്യക്ഷയായി. 'സംരംഭകർ എന്നത് തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കൾ അല്ലെങ്കിൽ തൊഴിൽ സൃഷ്ടാക്കൾ ആയി മാറണമെന്നും അതുവഴി സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ വിപുലീകരിക്കണം' എന്നും ബഹു. മന്ത്രി ഡോ. ആർ ബിന്ദു അഭിപ്രായപ്പെട്ടു. കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ആർ.ഹരികൃഷ്ണൻ, അസാപ് കേരള ചെയർപേഴ്സൺ ആൻഡ് മാനേജിങ് ഡയറക്ടർ ഡോ. ഉഷാ ടൈറ്റസ് ഐ. എ. എസ്. (Retd) തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**മൂന്നുഘട്ടങ്ങളിൽ നിന്നായി തിരഞ്ഞെടുത്ത 28 ആശയങ്ങളിൽ നിന്നും ഏറ്റവും മികച്ച 10 ആശയങ്ങൾക്ക് അംഗീകാരവും, ഒരു ലക്ഷം രൂപ വീതം സാമ്പത്തിക സഹായവും നൽകി**




വിദ്യാർത്ഥികൾക്ക് സ്വന്തം ആശയങ്ങളെ സംരംഭങ്ങളായി മാറ്റാനുള്ള അവസരവും സാമ്പത്തിക പിന്തുണയും നൽകുക എന്നതായിരുന്നു ഡ്രീംവെസ്റ്റർ 2.0 ആശയാധിഷ്ഠിത മത്സരത്തിന്റെ ലക്ഷ്യം. ശില്പശാലകൾ, ഡിസൈൻ തിങ്കിങ് വർക്ക് ഷോപ്പ്, ഐഡിയത്തോൺ മത്സരം എന്നീ മൂന്ന് ഘട്ടങ്ങളായാണ് ഡ്രീംവെസ്റ്റർ 2.0 മത്സരം നടപ്പാക്കിയത്. ആദ്യ ഘട്ടമായി ബോധവത്കരണ ശില്പശാലകൾ നടപ്പിലാക്കിയിരുന്നു. രണ്ടാം ഘട്ടമായി സംസ്ഥാനതല ഐഡിയത്തോൺ മത്സരത്തിനായി താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് 3 മുതൽ 5 പേര് അടങ്ങുന്ന ടീമുകളായി പേര് രജിസ്റ്റർ ചെയ്യുന്നതിനായി അവസരമൊരുക്കി നൽകിയിരുന്നു. ഇങ്ങനെ രജിസ്റ്റർ ചെയ്യുന്ന ടീമുകൾക്കായി ഒരു വർക്ക് ഷോപ്പ് സംഘടിപ്പിക്കുകയും ഈ വർക്ക് ഷോപ്പിലൂടെ ഒരു ആശയത്തെ എങ്ങനെ വികസിപ്പിക്കാമെന്നും അവയെ ഒരു ബിസിനസ് ആയി മാറ്റാമെന്നുമുള്ള വിശദമായ പരിശീലനം ലഭ്യമാക്കി.

തുടർന്ന് മൂന്നാം ഘട്ടമായി സംസ്ഥാന തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട മികച്ച 10 ആശയങ്ങൾക്ക് അംഗീകാരവും ഒരു ലക്ഷം രൂപ വീതം സാമ്പത്തിക സഹായം ലഭ്യമാക്കാനും ഉതകുന്ന നിലയിലാണ് മത്സരം സംഘടിപ്പിച്ചത്. മത്സരത്തിന്റെ ഭാഗമായി മികച്ച ആശയങ്ങൾ കൈവശമുള്ള വിദ്യാർത്ഥികൾക്ക് https://connect.asapkerala.gov.in/events/12582 എന്ന ലിങ്ക് വഴി അപേക്ഷിക്കുന്നതിനുള്ള അവസരവും ഒരുക്കി നൽകിയിരുന്നു.

## ഇന്ത്യൻ നേവിക്ക് സാങ്കേതിക മികവൊരുക്കി
# കെൽട്രോൺ

ഇന്ത്യൻ നേവിക്കായി നിർമ്മിക്കുന്ന യുദ്ധകപ്പലുകൾക്ക് സാങ്കേതിക പിന്തുണ ലഭ്യമാക്കി കേരളത്തിലെ പൊതുമേഖല സ്ഥാപനമായ കെൽട്രോൺ. കഴിഞ്ഞ ദിവസം റഷ്യയിലെ കലിനിൻഗ്രാഡിലുള്ള യാന്തർ കപ്പൽശാലയിൽ ഇന്ത്യൻ നാവികസേന കമ്മീഷൻ നടത്തിയ 4000 ടി മൾട്ടിറോൾസ്റ്റെൽത്ത് ഗൈഡഡ്മിസൈൽ യുദ്ധക്കപ്പലായ 'ഐ.എൻ.എസ് തമലിലെ " പ്രധാന ഭാഗങ്ങളായ എക്കോസൗണ്ടർ (ആഴം അളക്കുന്ന ഉപകരണം), അണ്ടർ വാട്ടർ കമ്മ്യൂണിക്കേഷൻ സിസ്റ്റം എന്നിവ കെൽട്രോണാണ് നിർമ്മിച്ച് ഇൻസ്റ്റാൾ ചെയ്തത്. ഇതിനായി കെൽട്രോണിലെ വിദഗ്ധ സംഘം യാന്തർകപ്പൽശാലയിലെത്തി വിജയകരമായി ടെസ്റ്റുകൾ പൂർത്തീകരിച്ച് ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്ത് പ്രാഗൽഭ്യം തെളിയിച്ചത് കേരളത്തിനും കെൽട്രോണിനും അഭിമാനകരമാണ്.

2025 ജൂലൈയിൽ മുംബൈയിലെ മസഗോൺ ഡോക്ക് ഷിപ്പ് ബിൽഡേഴ്സ് നിർമ്മിച്ച 'പ്രൊജെക്റ്റ് 17 എ എന്ന ചാരയുദ്ധകപ്പലും ഇന്ത്യൻ നാവിക സേന കമ്മീഷൻ ചെയ്തിരുന്നു. ഇതിലെ പ്രധാന ഭാഗങ്ങളായ ലോഗ് (വേഗത അളക്കുന്ന ഉപകരണം), എക്കോസൗണ്ടർ (ആഴം അളക്കുന്ന ഉപകരണം), അണ്ടർ വാട്ടർ കമ്മ്യൂണിക്കേഷൻ സിസ്റ്റം എന്നിവ നിർമ്മിച്ച് ഇൻസ്റ്റാൾ ചെയ്തതും കെൽട്രോണാണ്. ഇന്ത്യൻ നേവിക്കായി ലോകത്ത് എവിടെ യുദ്ധകപ്പൽ നിർമ്മിച്ചാലും കെൽട്രോണിന്റെ ഉപകരണങ്ങളാണ്



## ഇന്ത്യയിലെ പ്രമുഖ ഇലക്ട്രോണിക്സ് സിസ്റ്റം ആൻഡ് ഡിസൈൻ മാനുഫാക്ചറിംഗ് കമ്പനി
# കെയിൻസ് ടെക്നോളജി കേരളത്തിലേക്ക്

KAYNES TECHNOLOGY
INNOVATING WITH QUALITY AND VALUE, FOREVER

500 കോടിയുടെ നിക്ഷേപം, 2000 തൊഴിലവസരങ്ങൾ.. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ കേരളത്തിലേക്ക് ആര് വന്നു എന്ന ചോദ്യത്തിനുള്ള മറ്റൊരു ഉത്തരം. 500 കോടിയുടെ നിക്ഷേപവും 2000 തൊഴിലവസരങ്ങളുമാണ് പ്രസ്തുത നിക്ഷേപത്തിലൂടെ കേരളത്തിലേക്ക് വരുന്നത്. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെയാണ് ഹൈടെക് മാനുഫാക്ചറിങ്ങ് രംഗത്ത് കേരളത്തിൽ കൂടുതൽ നിക്ഷേപം സാധ്യമാക്കുന്ന കെയിൻസ് ടെക്നോളജിയുടെ കടന്ന് വരവ്. വാഹനങ്ങൾ, വ്യവസായം, റയിൽവേ, മെഡിക്കൽ, വ്യോമയാനം തുടങ്ങി ആഗോളതലത്തിൽ വിവിധ മേഖലകളിലേക്ക് ആവശ്യമായ ഇലക്ട്രോണിക് ഉൽപന്നങ്ങൾ രൂപകൽപന ചെയ്ത് നിർമിക്കുന്ന കർണാടക ആസ്ഥാനമായ കമ്പനിക്ക് ഇന്ത്യയിലാകെ എട്ട് സ്ഥലത്ത് മാനുഫാക്ചറിങ്ങ് യൂണിറ്റുകളുണ്ട്.

കേരളത്തിലെ ആദ്യ യൂണിറ്റിനായി പെരുമ്പാവൂരിൽ കിൻഫ്ര വികസിപ്പിക്കുന്ന ഇൻഡസ്ട്രിയൽ പാർക്കിൽ ഭൂമി അനുവദിക്കും. ഭൂമി ലഭിച്ചാൽ ഒന്നര വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുമെന്ന് കമ്പനി അധികൃതർ ഉറപ്പ് നൽകി. നടപടിക്രമങ്ങൾ പരമാവധി വേഗത്തിൽ പൂർത്തിയാക്കി ആവശ്യമായ ഭൂമി കെയ്ൻസ് ടെക്നോളജിക്ക് കൈമാറി ഒന്നര വർഷത്തിനുള്ളിൽ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനാണ് വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നത്.

# മെഡിക്കൽ ഡിവൈസ് വ്യവസായങ്ങളുടെ ഹബ്ബാവാൻ കേരളം
## ലൈഫ് സയൻസ് പാർക്കിലേക്ക് പുതിയ കമ്പനികൾ

തിരുവനന്തപുരം തോന്നയ്ക്കൽ ബയോ 360 ലൈഫ് സയൻസ് പാർക്കിൽ പുതിയ കമ്പനികൾ ആരംഭിക്കുന്നു. ഓർത്തോനെക്സ ഇന്നവേഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ പുതിയ മാനുഫാക്ചറിങ്ങ് പ്ലാന്റിന് പാർക്കിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് തറക്കല്ലിട്ടു. മെഡിക്കൽ ഡിവൈസ് മാനുഫാക്ചറിങ്ങ് രംഗത്ത് പ്രവർത്തിക്കുന്ന കമ്പനി ത്രീഡി പ്രിന്റിങ്ങ് സാങ്കേതിക വിദ്യയും ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഉപയോഗിച്ച് യൂറോപ്യൻ സ്റ്റാന്റേർഡോഡ് കൂടിയ ഉപകരണങ്ങളാണ് ഇവിടെ നിർമിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ചുരുങ്ങിയത് 300 പേർക്ക് തൊഴിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന കമ്പനി 8 മാസം കൊണ്ട് പ്രവർത്തനം ആരംഭിക്കും.

ഇന്ത്യയിലെ ആകെ മെഡിക്കൽ ഡിവൈസ് മാനുഫാക്ചറിങ്ങ് വ്യവസായത്തിന്റെ 24% വിറ്റുവരവ് ഇന്ത്യയുടെ 1.18% ഭൂവിസ്തൃതി മാത്രമുള്ള നമ്മുടെ കേരളത്തിൽ നിന്നാണ്. 70ലധികം മെഡിക്കൽ ഉപ




കരണ നിർമ്മാണ യൂണിറ്റുകൾ; 11 ജില്ലകളിലായി 10 പ്രീമിയം അക്കാദമിക് സ്ഥാപനങ്ങൾ; 57ലധികം റിസേർച്ച് സ്ഥാപനങ്ങൾ; രാജ്യത്തിന്റെ മെഡിക്കൽ ഡിവൈസ് വ്യവസായങ്ങളുടെ ഹബ്ബായി മാറാനുള്ള കേരളത്തിന്റെ ശ്രമങ്ങൾക്ക് ഊർജ്ജം പകർന്നുകൊണ്ട് കൂടുതൽ കമ്പനികൾ കേരളത്തിലേക്കെത്തുകയാണ്. കേരളം മുൻഗണനാ വ്യവസായ മേഖലയായി കാണുന്ന മെഡിക്കൽ ഡിവൈസ് മേഖലയിൽ കൃത്യമായ മുന്നേറ്റം കൊണ്ടുവരാൻ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് സാധിക്കുകയാണ്.

# ഇന്ത്യ ഹൊറേക എക്സ്പോ 2025
## സന്ദർശക പ്രശംസ ഏറ്റുവാങ്ങി കേരളത്തിലെ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ

ഇന്ത്യ ഹൊറേക എക്സ്പോ 2025 (ഫുഡ് ആൻഡ് ഡ്രിങ്ക് പ്രോസസിംഗ് എക്സ്പോ & ബേക്കേഴ്സ് ടെക്നോളജി ഫെയർ)ൽ ശ്രദ്ധേയ സാന്നിധ്യമായി കേരള സ്റ്റാളുകൾ. ഭക്ഷണ - പാനീയങ്ങൾ, ഡയറി ബേക്കറി, മിഠായി, മധുരപലഹാരങ്ങൾ, ലഘുഭക്ഷണങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകി കൊണ്ട് സംഘടിപ്പിച്ച ട്രേഡ് ഫെയർ 2025 ജൂൺ 2 മുതൽ 4 വരെ തമിഴ്നാട്, കോയമ്പത്തൂർ, കോഡിസിയ ട്രേഡ് ഫെയർ കോംപ്ലക്സിലാണ് സംഘടിപ്പിച്ചത്.

കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ (കെബിപ്പ്) നേതൃത്വത്തിൽ സംസ്ഥാനത്തെ ഭക്ഷ്യ സംസ്കരണ മേഖലയിലെ 20 യൂണിറ്റുകളാണ് ട്രേഡ് ഫെയറിൽ പങ്കെടുത്തത്. 3 ദിവസങ്ങളിലായി ഏകദേശം 25,000 ത്തിലധികം സന്ദർശകർ




പങ്കെടുത്ത മേളയിൽ ഉൽപ്പന്ന വൈവിധ്യത കൊണ്ട് കേരള സ്റ്റാളുകൾ സന്ദർശക പ്രശംസ നേടിയിരുന്നു.

ഹോട്ടൽ, റെസ്റ്റോറന്റ്, കാറ്ററിംഗ്, ഭക്ഷ്യ സംസ്കരണ അനുബന്ധ മേഖലകളിലെ ഏറ്റവും പുതിയ ട്രെൻഡുകൾ, നൂതനാശയങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനും പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനുമുള്ള ഒരു മികച്ച പ്ലാറ്റ്ഫോം കേരളത്തിലെ സംരംഭകർക്ക് ഒരുക്കി നൽകുന്നതായിരുന്നു ഇന്ത്യ ഹൊറേക എക്സ്പോ 2025. ലോകമെമ്പാടുമുള്ള ഭക്ഷ്യ മേഖല വിദഗ്ധരെയും ഉത്പാദകരെയും വിതരണക്കാരെയും ഒരു കുടക്കീഴിൽ കൊണ്ട് വന്ന എക്സ്പോയിലൂടെ വിവിധ രാജ്യങ്ങളിലുള്ള സംരംഭകരുമായി ആശയ വിനിമയം നടത്തുന്നതിനും വാണിജ്യ ബന്ധങ്ങളിൽ ഏർപ്പെടുന്നതിനും എക്സ്പോ വഴിയൊരുക്കി. ഭക്ഷ്യ മേഖലയിലെ ഡിജിറ്റൽ സാങ്കേതികതയുടെ ഉപയോഗം, വർക്ക്ഷോപ്പുകൾ, തത്സമയ ഉത്പന്ന നിർമാണം, പാനൽ ചർച്ചകൾ എന്നിവയും എക്സ്പോയുടെ പ്രധാന ആകർഷണങ്ങൾ ആയിരുന്നു.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.